പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1802 — 06.03.2017-ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ ജീവനക്കാരുടെ കുറവ് മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായത്ര ജീവനക്കാരുടെ ദൗർലഭ്യം പലപ്പോഴും നേരിടാറുണ്ട്. |
| (ബി) | മോട്ടോർ വാഹന വകുപ്പിനെ ആധുനികവൽക്കരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ? | (ബി) | കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചു. ഈ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും, ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ , ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവത്കരണ പരിപാടികൾ നടപ്പിലാക്കി.<br>അപകട സാദ്ധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ "ആർ.എഫ്.ഐ.ഡി" സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ് ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, ഡിജിറ്റൽ പേയ്മെന്റ് ആയ പോയന്റ് ഓഫ് സെയിൽ സംവിധാനം നടപ്പിലാക്കൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കൽ തുടങ്ങിയവയിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ